ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ

609 [814] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	1,74,259
കൊല്ലം	1,79,853
പത്തനംതിട്ട	73,323
എറണാകുളം	1,51,373
ആലപ്പുഴ	1,43,539
കോട്ടയം	1,10,163
തൃശൂർ	1,27,672
പാലക്കാട്	1,20,150
മലപ്പുറം	1,52,419
കോഴിക്കോട്	1,30,456
വയനാട്	34,010
കണ്ണൂർ	84,631
കാസർകോട്	45,136
ഇടുക്കി	53,132

ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ

610 [815] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 വർഷത്തിൽ ഐ.ആർ.ഡി.പി. പരിപാടികളുടെ പ്രയോജനം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കിട്ടണമെന്നായിരുന്നു ലക്ഷ്യം;

(ബി) അതിൽ എത്ര കുടുംബങ്ങൾക്ക് കിട്ടി?

ഉത്തരം

(എ) 1985–86 വർഷത്തിൽ ഐ.ആർ.ഡി.പി. പരിപാടികളുടെ പ്രയോജനം മൊത്തം 86017 കുടുംബങ്ങൾക്ക് കിട്ടണമെന്നായിരുന്നു ലക്ഷ്യം.

(ബി) അതിൽ 71376 കുടുംബങ്ങൾക്ക് 1985–86–ൽ പ്രയോജനം കിട്ടി.

ഐ.ആർ.ഡി.പി., ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികളിലായി കേന്ദ്രം അനുവദിച്ച സംഖ്യ

611 [817] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986–87 വർഷത്തിൽ ഐ.ആർ.ഡി.പി., ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികളിലായി കേന്ദ്രം അനുവദിച്ച സംഖ്യ എത്രവീതം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രം അനുവദിച്ച പ്രപരിപാടികളും സമയപരിധിക്കുള്ളിൽ നടപ്പിലാക്കാനും സംഖ്യ ചെലവഴിക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ പോകുന്നത്?

ഉത്തരം

(എ) ഐ.ആർ.ഡി.പി.ക്ക് വേണ്ടി 738.98 ലക്ഷം രൂപയും, ആർ.എൽ.ഇ.ജി.പി.ക്ക് വേണ്ടി 1864 ലക്ഷം രൂപയും എൻ.ആർ.ഇ.പി.ക്ക് വേണ്ടി 866 ലക്ഷം രൂപയും വീതമാണ് ഈ സാമ്പത്തിക വർഷത്തേക്ക് (1986—87) കേന്ദ്രഗവൺമെൻറ് അനുവദിച്ചിട്ടുള്ളത്.

(ബി) ഐ.ആർ.ഡി.പി., ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികളുടെ 1986—87 വർഷത്തിലെ കലണ്ടർ ഓഫ് ആക്ഷൻ ഉണ്ടാക്കി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും അതിൻ പ്രകാരം നടപടികളും എടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമീണ തൊഴിൽദാന പദ്ധതിക്ക് കേന്ദ്രം അനുവദിച്ച തുക

612 [818] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം ഐ.ആർ.ഡി.പി.യ്ക്കായി കേന്ദ്രം അനുവദിച്ച തുകയിൽ സംസ്ഥാന ഗവൺമെൻറ് ഉപയോഗിച്ചതുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്രവിഹിതമായി ലഭിച്ച 669.94 ലക്ഷം രൂപമുഴുവൻ സംസ്ഥാന ഗവൺമെൻറ് ചിലവഴിച്ചിട്ടുണ്ട്.

ഐ.ആർ.ഡി.പി.യ്ക്കുവേണ്ടി കേന്ദ്രം അനുവദിച്ചതുക

613 [820] ശ്രീ. എം. വി. രാഘവൻ:
,, ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി. പി.യ്ക്കുവേണ്ടി കേന്ദ്രം കഴിഞ്ഞ വർഷം അനുവദിച്ചതുക പൂർണ്ണമായും വിനിയോഗിച്ചുവോ;

(ബി) 1985—86—ൽ ഐ.ആർ.ഡി.പി. യ്ക്കുവേണ്ടി കേന്ദ്രം അനുവദിച്ചതുക എത്രയായിരുന്നു; ഇതിൽ വിനിയോഗിച്ച സംഖ്യ യെത്ര?

ഉത്തരം

(എ) ഐ.ആർ.ഡി.പി.യ്ക്കു വേണ്ടി കേന്ദ്രം കഴിഞ്ഞവർഷം അനുവദിച്ചതുക പൂർണ്ണമായും വിനിയോഗിച്ചു.

(ബി) 1985—86—ൽ ഐ.ആർ.ഡി.പി.യ്ക്കുവേണ്ടി കേന്ദ്രം 669.94 ലക്ഷം രൂപ അനുവദിച്ചു. അതുമുഴുവൻ വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly